ALL INDIA RADIO THIRUVANANTHAPURAM

आकाशवाणी

ആകാശവാണി,
തിരുവനന്തപുരം

TIME: 06.30 PM DATE: 01.11.2025

## പ്രധാനവാർത്ത

1. ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിന് സംസ്ഥാനങ്ങളുടെ ആകെ വികസനം എന്ന മന്ത്രമാണ് സർക്കാരിനെ നയിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിനായി തിങ്കളാഴ്ച കേരളത്തിൽ എത്തും.

3. കേരളപ്പിറവി ആഘോഷിച്ച് മലയാളികൾ. ഭാരതത്തിന്റെ ഐക്യത്തിന് വി.പി. മേനോൻ വഹിച്ച പങ്ക് അവിസ്മരണീയമെന്ന് ഗവർണർ രാജേന്ദ്ര ആർലേക്കർ.

4. മലയാളഭാഷാ വികസനത്തിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ

5. കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ.

PIU TVPM

**പ്രഖ്യാപനം വസ്തുതാ വിരുദ്ധമെന്ന് കോൺഗ്രസും ബി.ജെ.പിയും.**

**6. സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് ഇരുപതിനായിരം കോടി രൂപയാണ് കേന്ദ്രം ചിലവഴിച്ചുകൊണ്ടിരിക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.**

## പ്രധാനമന്ത്രി ഛത്തീസ് ഗഡ്

ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിന് സംസ്ഥാനങ്ങളുടെ ആകെ വികസനം എന്ന മന്ത്രമാണ് സർക്കാരിനെ നയിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വികസനത്തിനൊപ്പം പൈതൃകവും കാത്തു സൂക്ഷിച്ചാണ് രാഷ്ട്രം മുന്നേറുന്നതെന്നും പ്രധാനമന്ത്രി. നവ റായ്പൂരിൽ ഛത്തീസ്ഗഡ് നിയമസഭയുടെ പുതിയ മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുൻ പ്രധാനമന്ത്രി എ.ബി വാജ്പേയിയുടെ പ്രതിമയും അനാച്ഛാദനം ചെയ്ത പ്രധാനമന്ത്രി മറ്റു പരിപാടികളിലും പങ്കെടുത്തു.

PNUTVPM

## VP - KERALA

ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിനായി തിങ്കളാഴ്ച കേരളത്തിൽ എത്തും. ഉപരാഷ്ട്രപതിയായ ശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ കേരള

സന്ദർശനം ആണിത്. തിങ്കളാഴ്ച കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് വജ്ര ജൂബിലി ആഘോഷങ്ങളിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും. ഇന്ത്യൻ കയർ കയറ്റുമതി ഫെഡറേഷൻ-FICEA പ്രതിനിധികളുമായും അദ്ദേഹം കൊല്ലത്ത് കൂടിക്കാഴ്ച നടത്തും. ചൊവ്വാഴ്ച തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസും ഉപരാഷ്ട്രപതി സന്ദർശിക്കും.

## കേരളപ്പിറവി

കേരളപ്പിറവി ആഘോഷിച്ച് മലയാളികൾ. 1956 നവംബർ ഒന്നിനാണ് ഭാഷാടിസ്ഥാനത്തിൽ ഐക്യ കേരളം രൂപീകരിച്ചത്. കേരളപ്പിറവിയോട് അനുബന്ധിച്ച് വിപുലമായ ആഘോഷ പരിപാടികളാണ് സംസ്ഥാനത്ത് നടന്നത്.

RNUTVPM

## ഗവർണർ കേരളപ്പിറവി

രാജ്ഭവനിൽ നടന്ന കേരളപ്പിറവി ദിനാഘോഷ പരിപാടികൾ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്തു. ഭാരതത്തിന്റെ ഐക്യത്തിന് മലയാളിയായ വി.പി. മേനോൻ വഹിച്ച പങ്ക് അവിസ്മരണീയമാണെന്ന് അദ്ദേഹം പറഞ്ഞു.

നാട്ടു രാജ്യങ്ങളെ ഇന്ത്യൻ യൂണിയനിലേക്കു കൂട്ടിച്ചേർക്കുന്നതിൽ സർദാർ വല്ലഭായി പട്ടേലിനൊപ്പം അദ്ദേഹത്തിന്റെ

സെക്രട്ടറിയായിരുന്ന വി.പി. മേനോനും അക്ഷീണം പ്രവർത്തിച്ചതായും അദ്ദേഹം പറഞ്ഞു.
2025-ലെ മലയാളദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും സംസ്ഥാനതല ഉദ്ഘാടനം സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. മലയാളഭാഷയുടെ അഭിവൃദ്ധിക്കും സർവോന്മുഖ വികസനത്തിനുമുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁

## കേരളപ്പിറവി പൊതുസമ്മേളനം-മുഖ്യമന്ത്രി ഇൻട്രോ

നാടിന്റെയാകെ സഹകരണത്തോടെയാണ് അതിദാരിദ്ര്യാവസ്ഥ മറികടക്കാൻ സാധിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ അതി ദാരിദ്രമുക്ത സംസ്ഥാന പ്രഖ്യാപനത്തിൻ്റെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് അസാധ്യമായത് ഒന്നുമില്ല എന്ന് വീണ്ടും തെളിയിക്കാനാകുന്നത് നാടിന്റെ ഒരുമ കാരണമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.
( വോയിസ്.....)
മന്ത്രിമാർ, ചലച്ചിത്ര നടൻ മമ്മൂട്ടി തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

❁❁❁❁❁❁❁❁❁❁❁❁

## ദാരിദ്ര്യമുക്തകേരളം-നിയമസഭ

PRD/TVPM

കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ.കേരളപ്പിറവിയോട് അനുബന്ധിച്ച് ഇന്ന് ചേർന്ന നിയമസഭയുടെ പ്രത്യേക സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രഖ്യാപനം നടത്തിയത്. രാജ്യത്തെ ആദ്യ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി കേരളം മാറിയെന്നും അദ്ദേഹം പറഞ്ഞു. അതേ സമയം, പ്രതിപക്ഷം നിയമസഭ ബഹിഷ്കരിച്ചു. കേരളം അതിദാരിദ്ര്യമുക്തമാണെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം വസ്തുതാ വിരുദ്ധമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശനും ബി.ജെ.പി നേതാവ് കെ സുരേന്ദ്രനും ആരോപിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## ലക്ഷദ്വീപ് പിറവി

രാജ്യത്തെ ഏറ്റവും ചെറിയ കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെ പിറവി ദിനം കൂടിയാണ് ഇന്ന്. തലസ്ഥാന ദ്വീപായ കവരത്തിയിലെ ഗാന്ധി സ്ക്വയറിൽ നടന്ന ചടങ്ങിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് ഗൗരവ് സിംഗ് രജാവത്ത് ദേശീയ പതാക ഉയർത്തി പരേഡിനെ അഭിവാദ്യം ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രി ജോർജ് കുര്യൻ- കോട്ടയം

കേരളത്തിൽ റെയിൽവേ വികസനത്തിന് ഇരുപതിനായിരം കോടി രൂപയാണ് കേന്ദ്രം ചിലവഴിച്ചുകൊണ്ടിരിക്കുന്നതെന്ന് കേന്ദ്ര

RNU TVPM

സഹമന്ത്രി ജോർജ് കുര്യൻ. മംഗലാപുരം കന്യാകുമാരി പരശുറാം എക്സ്പ്രസ്സ് ട്രെയിന് വൈക്കം സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി. എറണാകുളം ബാംഗ്ലൂർ വന്ദേഭാരത് ട്രെയിൻ ഈ മാസം 7ന് പ്രധാന മന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## നോർക്ക കെയർ

കേരളീയ പ്രവാസികൾക്കും കുടുംബങ്ങൾക്കുമായുള്ള സമഗ്ര ആരോഗ്യ അപകട ഇൻഷുറൻസ് പദ്ധതി - നോർക്ക കെയർ നിലവിൽ വന്നു. അംഗങ്ങളായവരുടെ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ കൈമാറി. പദ്ധതിയിൽ ചേരുന്നതിനുള്ള സമയപരിധി ഈ മാസം 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## ജി ആർ അനിൽ സപ്ലൈകോ

സപ്ലൈകോയുടെ സഞ്ചരിക്കുന്ന സൂപ്പർമാർക്കറ്റുകൾ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും പ്രവർത്തനമാരംഭിച്ചു. സബ്സിഡി സാധനങ്ങളും ബ്രാൻഡഡ് നിത്യോപയോഗ സാധനങ്ങളും സൂപ്പർമാർക്കറ്റുകളിലുണ്ടാകും. സഞ്ചരിക്കുന്ന സൂപ്പർ മാർക്കറ്റുകളുടെ ഫ്ലാഗ് ഓഫ് നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ

RNU TVPM

കല്ലയം ജംഗ്ഷനിൽ മന്ത്രി ജി ആർ അനിൽ നിർവഹിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## നെല്ല് സംഭരണം ( ഇൻട്രോ )

സംസ്ഥാനത്ത് നെല്ല് സംഭരണം ഇന്ന് മുതൽ ആരംഭിക്കുകയാണെന്ന് മന്ത്രി പി പ്രസാദ്. സാധ്യമായ എല്ലാ സഹായങ്ങളും നൽകാമെന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ പ്രഖ്യാപിച്ചിട്ടും നിർദേശങ്ങൾ അംഗീകരിക്കാൻ ചില മില്ലുടമകൾ തയ്യാറായിട്ടില്ലെന്ന് അദ്ദേഹം വിമർശിച്ചു. ( വോയിസ്-മന്ത്രി പി പ്രസാദ്... )

❁❁❁❁❁❁❁❁❁❁❁❁❁

## ഡീൻ കുര്യാക്കോസ് എം പി

പി.എം ശ്രീ സ്കൂൾ എന്ന വിശേഷണത്തോടെ കേന്ദ്ര സർക്കാർ ഈ വർഷം തുടങ്ങുന്ന 85 വിദ്യാലയങ്ങളിൽ കേരളത്തിന് അനുവദിച്ച ഏക കേന്ദ്രീയ വിദ്യാലയം മറ്റന്നാൾ തൊടുപുഴയിൽ പ്രവർത്തനം
ആരംഭിക്കും. തൊടുപുഴ ബോയ്സ് ഹൈസ്കൂളിലാണ് താൽക്കാലികമായി സ്കൂൾ പ്രവർത്തിക്കുകയെന്ന് ഡീൻ കുര്യാക്കോസ് എം പി വാർത്താസമ്മേളനത്തിൽ അറിയിച്ചു. പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി പ്രകാരം ഇടുക്കിയിലെ ഇളംദേശം ബ്ളോക്ക് പഞ്ചായത്തിന് അനുവദിച്ച സദ്ഭാവനാ മണ്ഡപം തിങ്കളാഴ്ച കേന്ദ്ര ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും .

RNU TVPM

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ “നല്ല വാർത്ത“ എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

## മന്ത്രി സജി ചെറിയാൻ.

30 -ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേള ഡിസംബർ 12 മുതൽ 19 വരെ തിരുവനന്തപുരത്ത് നടക്കുമെന്ന് മന്ത്രി സജി ചെറിയാൻ. മേളയുടെ സംഘാടക സമിതി യോഗം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഈ സർക്കാരിന്റെ കാലത്ത് തന്നെ സാംസ്കാരിക നയവും സിനിമാ നയവും ഉടൻ രൂപീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

## ശബരിമല സ്വർണ്ണ കവർ ച്ച

ശബരിമല സ്വർണ്ണ കവർച്ചാ കേസിൽ അറസ്റ്റിലായ മൂന്നാം പ്രതി ശബരിമല മുൻ എക്സിക്യൂട്ടീവ് ഓഫീസർ സുധീഷ് കുമാറിനെ പത്തനംതിട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി റിമാൻറ് ചെയ്തു. രണ്ട് കേസുകളാണ് ഇയാൾക്കെതിരെയുള്ളത്.

സുധീഷിനെ തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലേക്ക് മാറ്റി.

❁❁❁❁❁❁❁❁❁❁❁❁❁

## കുട്ടി മരിച്ചു

മുലപാൽ തൊണ്ടയിൽ കുടുങ്ങി ഒന്നര വയസുള്ള കുട്ടി മരിച്ചു
പത്തനംതിട്ട ഊന്നുകൽ സ്വദേശികളായ സാജൻ - സോഫി ദമ്പതികളുടെ മകൻ സായിയാണ് മരിച്ചത്. പാല് കുടിക്കുന്നതിനിടെ അസ്വസ്ഥത കാണിച്ച കുഞ്ഞിനെ പത്തനംതിട്ട ജനറൽ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

❁❁❁❁❁❁❁❁❁❁❁❁❁

## ക്ഷീരമേഖല സർവേ

സംസ്ഥാനത്ത് ക്ഷീരമേഖലയിലെ സമഗ്ര സർവേക്ക് മന്ത്രി ജെ ചിഞ്ചുറാണിയുടെ ഔദ്യോഗിക വസതിയിൽ തുടക്കം കുറിച്ചു. പാലുൽപ്പാദനം, വിപണനരീതികൾ, പശു പരിപാലനരീതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളാണ് ശേഖരിക്കുന്നത്. നവംബർ 10 മുതൽ ഡിസംബർ 10 വരെ, തിരഞ്ഞെടുത്ത 756 വാർഡുകളിലാണ് സർവേ നടക്കുക.

❁❁❁❁❁❁❁❁❁❁❁❁❁

## അടിമാലി മണ്ണിടിച്ചിൽ

ദേശിയപാത-85ൽ അടിമാലി ലക്ഷംവീട് ഭാഗത്ത് മണ്ണിടിച്ചിലിനെ തുടർന്ന് തടസ്സപ്പെട്ട ഗതാഗതം പുനസ്ഥാപിക്കാൻ നടപടികൾ തുടങ്ങി.ദേശിയപാത

RNJTVPM

അതോറിറ്റിയുടെ നിരീക്ഷണത്തിൽ കരാർ കമ്പനിയാണ് മണ്ണ് നീക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## ആകാശവാണി സംഗീത സമ്മേളനം

സാംസ്കാരിക മന്ത്രാലയവുമായി സഹകരിച്ച് പ്രസാർ ഭാരതി നാളെ മുതൽ ഈ മാസം 29 വരെ രാജ്യവ്യാപകമായി 67-ാമത് ആകാശവാണി സംഗീത സമ്മേളനം നടത്തും. 24 കേന്ദ്രങ്ങളിലായാണ് പരിപാടി സംഘടിപ്പിക്കുന്നതെന്ന് പ്രസാർ ഭാരതി സിഇഒ ഗൗരവ് ദ്വിവേദ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## ജി എസ് ടി - ഇലക്ട്രോണിക്സ്

രാജ്യത്തെ പുത്തൻ തലമുറ ജിഎസ് ടി പരിഷ്കാരങ്ങൾ, ഇലക്ട്രോണിക്സ് മേഖലയിൽ ഗുണകരമായ മാറ്റങ്ങൾക്ക് കാരണമാകുന്നതായി കേന്ദ്ര സർക്കാർ. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ജി എസ് ടി കുറച്ചതിലൂടെ താങ്ങാനാവുന്ന നിരക്കിൽ ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ സാധിച്ചു. ടെലിവിഷൻ മോണിറ്ററുകളുടേയും പ്രൊജക്ടറുകളുടേയും ജി എസ് ടി 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറിച്ചിട്ടുണ്ട്. എസി, ഡിഷ് വാഷർ തുടങ്ങിയവയുടെ ജി എസ് ടി 28 ൽ നിന്ന് 18 ശതമാനമാക്കിയതിലൂടെ ഗാർഹിക ഉപകരണങ്ങൾ സാധാരണക്കാർക്കും ലഭ്യമാക്കാൻ സാധിച്ചു.

RNUTVPM

*

**********

*************************************

RNU TVPM